**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷികോല്പാദനക്ഷമത ഉയർത്തുക എന്നത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രധാനപ്പെട്ടതായതിനാൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ; | (എ) | കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപനത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കർഷകരുടെ വരുമാനം, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനും ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനുമാണ് ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. കൂടാതെ വിളവിസ്തൃതി വർദ്ധനവും,ഉൽപാദന വർദ്ധനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ തുടങ്ങിയ കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു.<br><br>തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും കേരരക്ഷാവാരം, കേര ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിനോടൊപ്പം ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമണം (crop rotation)എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 'വിളവൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം' എന്ന പദ്ധതിയും നടപ്പിലാക്കുന്നു.<br><br>കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു. കർഷകർക്ക് കൃഷി നാശം മൂലം നേരിടുന്ന പ്രശ്നങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പുനരാവിഷ്കൃത, കാലാവ സ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും, കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി, വന്യമൃഗശല്യം തടയുന്നതിനായുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോട് കൂടിയുള്ള പ്രത്യേക പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ ജൈവകൃഷി വികസനം, പച്ചക്കറി കൃഷി വികസനം, വിപണി വികസനത്തിനും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതികൾ, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ |

<table>
<tr><td></td><td></td><td></td><td>സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, എന്നിവയും കൂടാതെ, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനക്ഷമതയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനക്ഷമതയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വിള</th><th>2021-22<br>ഉത്പാദനക്ഷമത<br>(കി.ഗ്രാം/ഹെക്ടർ)</th><th>2022-23<br>ഉത്പാദനക്ഷമത<br>(കി.ഗ്രാം/ഹെക്ടർ)</th></tr>
<tr><td>നെല്ല് (അരി)</td><td>2884</td><td>3117</td></tr>
<tr><td>നാളികേരം(എണ്ണം/ ഹെക്ടർ)</td><td>7231</td><td>7419</td></tr>
</table>
<br>സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന ‘‘പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 2021-22 ൽ 16.01 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2023-24ൽ 17.21 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കാമോ?</td><td>(സി)</td><td>കേരളത്തിലെ പ്രധാന വിളകളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കു വാനും ഈ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ വരുത്തുവാനും നെൽ കൃഷി വികസനം, പച്ചക്കറി വികസനം, നാളികേര വികസനം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>
തരിശുനിലകൃഷി വികസനം,സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക്റോയൽറ്റി, ഡ്രോണുകളുടെ ഉപയോഗത്തിലൂടെ സൂക്ഷ്മമൂലകങ്ങളുടെ പത്രപോഷണം (foliar), നെൽ കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യ വികസനത്തിനുള്ള സഹായം, എന്നിവയാണ് നെൽ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സവിശേഷ നെല്ലിനങ്ങളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ്പ്രോഗ്രാമിലൂടെ സംസ്ഥാനത്ത് ഗുണമേന്മയുള്ള നെൽ വിത്തുകൾ ഉത്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കുന്നു.<br><br>
പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
• വീട്ടു വളപ്പിലെ പച്ചക്കറി കൃഷി<br>
• സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി<br>
• ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലു ള്ള പച്ചക്കറി കൃഷി<br>
• പോഷകത്തോട്ടങ്ങളുടെ സ്ഥാപിക്കൽ<br>
• പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാന സൌകര്യ വികസനം<br>
• വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടികൾക്കുള്ള പിന്തുണ<br>
• പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം</td></tr>
</table>

| | | | |
|---|---|---|---|
| | | | നാളികേര വികസന പദ്ധതിയിലൂടെ ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിച്ച് മെച്ചപ്പെട്ട പരിപാലന രീതികളിലൂടെ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷ മതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും, കേരരക്ഷാവാരം, കേരഗ്രാമം പ്രവർത്തനങ്ങൾ, വിത്തുതേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനം എന്നീ ഘടകങ്ങളാണ് നടപ്പിലാക്കുന്നത്. മേൽ പറഞ്ഞവ കൂടാതെ, കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, മണ്ണിന്റെയും വിളകളുടേയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും, വിള ആരോഗ്യപരിപാലനം, ഫാം യന്ത്രവൽക്കരണ ത്തിനുള്ള സഹായം, മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന ലാബുകൾക്കുള്ള സഹായം, എന്നിവയാണ് ഈ പദ്ധതിയിലൂടെ വിപണനത്തിനും മൂല്യവർദ്ധനവിനും സഹായിക്കുന്നത്.<br><br>സർക്കാർ നടപ്പിലാക്കുന്ന നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ, നാളികേര വികസന ബോർഡ് പദ്ധതികൾ, റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി എന്നിവയും നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പിന്തുണയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ